# പതിനാലാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4511
### 18.05.2017 ലെ മറുപടിയ്ക്ക്

**ട്രഷറികളിൽ സംയോജിത ധനകാര്യ മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി.വി. ഇബ്രാഹിം | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | ട്രഷറികളിൽ നടപ്പാക്കിയ സംയോജിത ധനകാര്യ മാനേജ്മെന്റ് സിസ്റ്റത്തിന് (ഐ.എഫ്.എം.എസ്) എത്ര രൂപ ചെലവായി എന്നറിയിക്കാമോ | ട്രഷറികളിൽ നടപ്പാക്കിയ സംയോജിത ധനകാര്യ മാനേജ്മെന്റ് സിസ്റ്റത്തിന് (ഐ.എഫ്.എം.എസ്) 22,20,44,687/- രൂപ (ഇരുപത്തിരണ്ട് കോടി ഇരുപത് ലക്ഷത്തി നാല്പത്തി നാലായിരത്തി അറുന്നൂറ്റി എൺപത്തേഴ് രൂപ മാത്രം) ഇതുവരെ ചെലവായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലാ ട്രഷറി/ സബ് ട്രഷറികളിലും പ്രസ്തുത സംവിധാനം ലഭ്യമാണോ; | സംസ്ഥാനത്തെ എല്ലാ ജില്ലാ ട്രഷറി/സബ് ട്രഷറികളിലും പ്രസ്തുത സംവിധാനം ലഭ്യമാണ്. |
| (സി) | ട്രഷറി സേവിങ്സ് ബാങ്ക് (ടി.എസ്.ബി) അക്കൗണ്ടുള്ളവർക്ക് ട്രഷറി/സബ് ട്രഷറികളിൽ എ.ടി.എം സേവനം നൽകുന്ന കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | 14.12.2012 ലെ G.O(Rt) No.10460/12/Fin പ്രകാരം സംസ്ഥാനത്തെ 4 ട്രഷറികളിൽ ATM സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന Stand alone ATM കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം. ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ഡി) | ഐ.എഫ്.എം.എസ് നടപ്പാക്കുന്നതിന് വേണ്ടി പുതിയ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഐ.എഫ്.എം.എസ് നടപ്പാക്കുന്നതിന് വേണ്ടി ട്രഷറി വകുപ്പിൽ പുതുതായി ജീവനക്കാരെ നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ